# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 2804**

**10.03.2017-ന് മറുപടിയ്ക്ക്**

## സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയുടെ ഭാഗമായി, ചാലക്കുടി മണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുള്ള സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മണ്ഡലാടിസ്ഥാനത്തിൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആയതിന് സർക്കാർ അനുമതി ലഭ്യമാക്കിയതിനുശേഷം പ്രസ്തുത സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിനായി തനതായ ഒരു മാസ്റ്റർ പ്ലാൻ 08.12.2016-ലെ സ.ഉ(സാധാ) നം.205/2016/പൊ.വി.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും തുടർന്ന് പദ്ധതി നിർവ്വഹണത്തിനായുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്. |
| (ബി) ലാബ് നവീകരണം, ജൈവവൈവിധ്യ ഉദ്യാനം, മികവിന്റെ കേന്ദ്രം, യു.പി/എൽ.പി സ്കൂൾ നവീകരണം എന്നിവ ഈ അദ്ധ്യയന വർഷം തന്നെ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | (ബി) ലാബ് നവീകരണം, ജൈവവൈവിദ്ധ്യ ഉദ്യാനം, മികവിന്റെ കേന്ദ്രം, എൽ.പി./യു.പി. സ്കൂൾ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടത്തേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ